പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3495

08.11.2019-ൽ
മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാല ഓഡിറ്റിംഗ്

*ചോദ്യം*
ശ്രീ.വി.ഡി.സതീശൻ

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വിലയിരുത്തുവാൻ സാങ്കേതിക സർവ്വകലാശാല ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതൊക്കെ ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഓഡിറ്റിംഗ് നടത്തുന്നതെന്നും ഇതിനായി എത്ര അദ്ധ്യാപകരെയാണ് നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ അനുസരിച്ച് വിവിധ വിഷയങ്ങളിലുള്ള അധ്യാപക ലഭ്യത, അധ്യാപക യോഗ്യതകൾ, യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരമുള്ള അധ്യയന വർഷങ്ങളുടെ ലഭ്യത, അക്രെഡിറ്റേഷൻ ഇന്റേർണൽ പരീക്ഷകളുടെ നടത്തിപ്പും സുതാര്യതയും വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ, പരീക്ഷണശാലയുടെ നവീകരണവും ഉപയോഗവും, ലൈബ്രറി ഇന്റർനെറ്റ് |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾ കോളേജിന്റെ അക്കാഡമികവും ഭരണപരവുമായ നേതൃത്വം, പഠന അന്തരീക്ഷം, അച്ചടക്കം, പരാതി പരിഹാര സംവിധാനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത നവീന പാഠ്യ രീതികൾ, ഓൺലൈൻ കോഴ്സുകളിലെ വിദ്യാർത്ഥി പങ്കാളിത്തം, വിദ്യാർത്ഥികളുമായുള്ള അഭിമുഖം, പ്ലേസ്മെന്റ് തുടങ്ങി ഇരുപതോളം ഘടകങ്ങളാണ് പ്രധാനമായും വിലയിരുത്തപ്പെടുക. സാങ്കേതിക സർവകലാശാലയ്ക്ക് കീഴിലുള്ള 142 എഞ്ചിനിയറിംഗ് കോളേജുകളിൽ ഒക്ടോബർ 20 മുതൽ നവംബർ 11 വരെ നടത്തുന്ന ഓഡിറ്റിങ്ങിന് പത്തു വർഷത്തിലധികം അധ്യാപന പരിചയമുള്ള 116 അധ്യാപകരെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായാണ് ഓഡിറ്റിംഗ് നടക്കുന്നത്. ഇക്കഴിഞ്ഞ ബി.ടെക് പരീക്ഷയിൽ നാൽപ്പതു ശതമാനത്തിൽ താഴെ മാത്രം വിജയ ശതമാനം ലഭിച്ചതും കഴിഞ്ഞ മൂന്ന് വർഷക്കാലം വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | | | പ്രവേശനത്തിൽ ഗണ്യമായ കുറവുള്ളതുമായ 37 കോളേജുകളിലെ ഒന്നാം ഘട്ട ഓഡിറ്റിങ്ങിൽ അദ്ധ്യപകരുടെ രണ്ടംഗ സംഘമാണ് ഓഡിറ്റിംഗ് നടത്തുക. മറ്റ് കോളേജുകളിലെ രണ്ടാം ഘട്ട ഓഡിറ്റിംഗ് ഓരോ അധ്യാപകരെ നിയോഗിക്കും. |

സെക്ഷൻ ഓഫീസർ